# ഹുസൈൻ മടവൂർ സാഹിബും മുജാഹിദ് പ്രസ്ഥാനത്തിലെ പ്രശ്നങ്ങളും

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിൽ, ദഅ്വത്ത് പ്രവർത്തനവുമായി മുന്നോട്ട് പോകുന്ന, പതിറ്റാണ്ടുകളുടെ പ്രവർത്തന പാരമ്പര്യമുള്ള പ്രസ്ഥാനമാണു മുജാഹിദ് പ്രസ്ഥാനം. കേരളത്തിലെ മുസ്ലിം നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആശയപരമായ അടിത്തറ നൽകിയ കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന ഈ മഹത്തായ സംഘടനയിൽ നിന്നും, ഹുസൈൻ മടവൂർ സാഹിബിന്റെ നേതൃത്വത്തിൽ 2002ൽ കുറച്ചാളുകൾ ഇറങ്ങിപ്പോകുകയും അവർ സമാന്തര സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.

മുജാഹിദ് പ്രസ്ഥാനത്തിലെ പിളർപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ വിശകലനം ചെയ്ത് കൊണ്ടുള്ള ധാരാളം ലേഖനങ്ങൾ പല മടവൂർ വിഭാഗം സുഹൃത്തുക്കളും മെയിൽ വഴി അയക്കാറുണ്ട്. ശബാബിൽ വരുന്ന ലേഖനങ്ങളും, പ്രസംഗങ്ങളുടെ ക്ലിപ്പിംഗുകളും പണ്ഡിതരുടെയും പ്രവത്തകരുടെയും പ്രതികരണങ്ങളുമെല്ലാം അക്കൂട്ടത്തിലുണ്ട്.. ഇതിൽ ഔദ്യോഗിക വിഭാഗം മുജാഹിദു പണ്ഡിതർക്കെതിരിൽ ഗുരുതരമായ ആരോപണങ്ങളും കാണാറുണ്ട്. ഇവരുടെ ലേഖനങ്ങളിൽ പ്രധാനമായും സമർത്ഥിക്കാൻ ശ്രമിക്കുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്.

1. ഔദ്യോഗിക വിഭാഗം പണ്ഡിതർ 2007 ൽ ശിർക്കിലേക്കും കുഫ്റിലേക്കും പോയിരിക്കുന്നു. ഇതിന്ന് തെളിവായി ജനാബ് അബ്ദുസ്സലാം സുല്ലമി ശബാബിലെഴുതുന്ന ലേഖനങ്ങളാണു ഉപയോഗിക്കുന്നത്.

2. ഹുസൈൻ മടവൂർ സാഹിബിന്ന് ആദർശപരമായി യാതൊരു വ്യതിയാനവും ഉണ്ടായിരുന്നില്ല. അദ്ദേഹം 1999ൽ കെ എൻ എം ജനറൽ സെക്രട്ടറിയാകുന്നത് തടയാൻ വേണ്ടി ചിലർ കൊണ്ട് വന്ന വ്യാജ ആരോപണമാണിത്. സംഘടന പിളർപ്പുമായി അതിന്ന് ബന്ധമില്ല,

3. കെ എൻ എം സംഘടന പിടിച്ചെടുക്കാൻ വേണ്ടി രഹസ്യ നീക്കങ്ങളൊന്നും മടവൂർ സാഹിബിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ഐ എസ് എമ്മിന്റെ കേന്ദ്ര ഓഫീസ് എന്ന പേരിൽ നിർമിച്ച മർകസുദ്ദഅ്വ ഒരു ട്രസ്റ്റ് ഉണ്ടാക്കി അതിന്റെ പേരിൽ രജിസ്റ്റർ ചെയ്തതും, 1998ൽ എൻ എം കെ എന്ന സംഘടന രഹസ്യമായി രജിസ്റ്റർ ചെയ്തതും, 2000ൽ ഐ എസ് എമ്മിനെ സ്വതന്ത്ര സംഘടനയായി രജിസ്റ്റർ ചെയ്തതും സംഘടന പിടിച്ചെടുക്കാനോ, സംഘടനയിൽ പിളർപ്പുണ്ടാക്കാനോ വേണ്ടിയായിരുന്നില്ല.

4. 60% സംസ്ഥാന കൗൺസിലർമാരുടെ പിന്തുണയോടെയാണു ഹുസൈൻ മടവൂർ 2002 ആഗസ്തിൽ കെ എൻ എം ജനറൽ സെക്രട്ടറിയായി അധികാരം പിടിച്ചെടുത്തത്. ഭരണ ഘടനയനുസരിച്ചാണു മടവൂർ നിലവിലെ കമ്മിറ്റിയെ അയോഗ്യരാക്കിയത്, അത് കൊണ്ട് തന്നെ ടി പി യും എ പിയും നേതൃത്വം കൊടുക്കുന്ന കമ്മിറ്റിക്ക് തുടരാൻ അവകാശമില്ല. കോടതി വിധികളെല്ലം മടവൂർ വിഭാഗത്തിന്ന് അനുകൂലമാണ്.

5. മുജാഹിദ് പ്രകർത്തകരിലെ ഭൂരിപക്ഷവും മടവൂർ സാഹിബിന്റെ കൂടെയാണു. പനമരത്ത് 2008ൽ നടന്ന മടവൂർ വിഭാഗത്തിന്റെ സംസ്ഥാന സമ്മേളനം അതിന് തെളിവാണ്.

6. ജോലിത്തിരക്ക് കാരണം മടവൂർ സാഹിബ് സ്വയം മാറി നിന്നത് കൊണ്ടാണു 2009ൽ ഉമർ സുല്ലമിയെ കെ എൻ എം ജനറൽ സെക്രട്ടറിയാക്കിയത്. മടവൂർ സാഹിബിന്റെ രാഷ്ട്രീയ നിലപാടുകളുമായി ഇതിന് ബന്ധമില്ല.

മുകളിൽ കൊടുത്ത പ്രധാന ആരോപണങ്ങളെയും അവകാശ വാദങ്ങളെയും സാധാരണ പ്രവർത്തകന്റെ ഭൂമികയിൽ നിന്ന് കൊണ്ട് വളരെ ലളിതമായ രൂപത്തിൽ വിശകലനം നടത്താനാണു ഉദ്ധേശിക്കുന്നത്. ഏറ്റവും ഗുരുതരമായ ആരോപണം എന്ന നിലയിൽ, മുജാഹിദ് പണ്ഡിതൻമാർക്കെതിരിലുള്ള ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ ശിർക്ക് കുഫ്ർ ആരോപണമാണു ആദ്യമായി ചർച്ചചെയ്യുന്നത്.

## A. മടവൂർ വിഭാഗം പണ്ഡിതരെ കാഫിറാക്കുന്ന ജനാബ് അബ്ദുസ്സലാം സുല്ലമി

### അബ്ദുസ്സലാം സുല്ലമിയുടെ ശിർക്കാരോപണം

കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കുതിന്ന് വേണ്ടി, എന്തെല്ലാം പുതിയ ആരോപണങ്ങളാണു സലാം സുല്ലമി ഉന്നയിക്കുന്നത് എന്ന് ഇപ്പോഴും സാധാരണ മടവൂർ വിഭാഗം പ്രവർത്തകർക്ക് കൃത്യമായി മനസ്സിലായിട്ടില്ല എന്നാണു അനുഭവം. എന്തൊക്കെയോ കുഴപ്പം പിടിച്ച പുതിയ വാദങ്ങൾ കെ എൻ എമ്മിലെ ചില യുവ പണ്ഡിതന്മാർക്കുണ്ട് എന്ന് മാത്രമാണു അവർക്ക് മനസ്സിലായിട്ടുള്ളത്. പണ്ഡിതോചിതമായ ഒരു വിശകലനം ഇവിടെ ഉദ്ധേശിക്കുന്നില്ല. കൂടുതൽ പഠിക്കണമെന്നുള്ളവർക്ക് രണ്ട് ഭാഗത്തുമുള്ള പുസ്തകങ്ങളും സി ഡി കളും ലഭ്യമാണു. കെ എൻ എം പണ്ഡിതന്മാരിൽ ശിർക്കൻ വിശ്വാസം ആരോപിക്കാനായി സലാം സുല്ലമി നടത്തുന്ന പ്രധാന ആരോപണങ്ങൾ ഓരോന്നായി വിശദീകരിക്കാം.

### 1. “അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ” എന്ന ഹദീസ്

വിജനമായ സ്ഥലത്ത് വെച്ച് ആപത്ത് സംഭവിച്ചാൽ അല്ലാഹുവിന്റെ ‘അടിമകളെ’ നിങ്ങൾ എന്നെ സഹായിക്കുവിൻ എന്ന് വിളിച്ച് പറയുന്നത് സംബന്ധിച്ച് ഒരു ഹദീസിൽ വന്നിട്ടുണ്ട്. ഈ ഹദീസിൽ ‘അടിമകളെ’ എന്ന് പറഞ്ഞതിൽ മനുഷ്യൻ മാത്രമല്ല, ജിന്നുകളും മലക്കുകളും കൂടി ഉൾപ്പെടും എന്ന് പ്രഗത്ഭരായ പല മുൻകാല ഹദീസ് വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

മരിച്ച് പോയ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കാൻ ഈ ഹദീസിനെ സുന്നികൾ തെളിവായി ഉദ്ധരിക്കുക പതിവാണ്. ഇതേ ആശയം അമ്പലക്കടവ് ഫൈസി ചന്ദ്രികയിൽ എഴുതിയിരുന്നു. ഇതിനെ ഖണ്ഡിച്ച് കൊണ്ട്, പി അബ്ദുൽ ജബ്ബാർ മൗലവി ഇസ്‌ലാഹ് മാസികയിൽ (ഏപ്രിൽ 2007, പേജ് 42) എഴുതിയ ''അമ്പലക്കടവിന്റെ അതിഗംഭീര ചോദ്യങ്ങൾ '' എന്ന ലേഖനത്തിലെ, സന്ദർഭത്തിൽ നിന്നും അടർത്തിയെടുത്ത രണ്ട് വാചകങ്ങളാണു സലാം സുല്ലമി തന്റെ വ്യാജ ശിർക്ക് ആരോപണത്തിന്ന് പ്രധാനമായും ഉപയോഗിക്കുന്നത്. ഈ ആരോപണം അൽപം വിശദീകരിക്കാം.

## ശബാബിൽ അബ്ദുസ്സലാം സുല്ലമി ശിർക്കും കുഫ്റുമാണ് എന്ന് എഴുതുന്നു.

''പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ വഴിയറിയാതെ നടന്ന് നീങ്ങുന്ന ഒരാൾ പരിസരത്ത് ആരെയും കാണുന്നില്ല, ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും (മനുഷ്യൻ, മലക്ക്, ജിന്ന്) എന്നെ സഹായിക്കട്ടെ എന്ന് നിനച്ച് പടപ്പുകളേ എന്നെ സഹായിക്കണേ, എനിക്ക് വഴി കാണിച്ച് തരണേ എന്ന് ഉച്ചത്തിൽ വിളിച്ച് പറയുന്നുവെങ്കിൽ അഭൗതിക മാർഗത്തിലുള്ള സഹായ തേട്ടം അതിലില്ല. ഇസ്‌ലാഹ് മാസിക (ഏപ്രിൽ 2007, പേജ് 42). മറുപടി: ഈ ഹദീസ് ഒരു വാറോലയാണു. തെളിവിന് കൊള്ളുകയില്ല.'' തുടർന്ന് അദ്ദേഹം എഴുതുന്നു ''ഏക ദൈവ വിശ്വാസികളെ സംബന്ധിച്ച് മലക്കുകൾ, മുസ്‌ലിം ജിന്നുകൾ, പിശാചുക്കൾ മുതലായവരോട് സഹായം തേടൽ നിരുപാധികം പ്രാർത്ഥനയും ശിർക്കും കുഫ്റുമാണ് '' ശബാബ് (2007 ജൂൺ 1, പേജ് 10).

## ശബാബിൽ കൊടുത്ത മറുപടി ഇസ്‌ലാഹിൽ ആവർത്തിച്ചതാണ്.

വാസ്തവത്തിൽ മരിച്ച് പോയ മഹാത്മാക്കളെ വിളിച്ച് പ്രാർത്ഥിക്കാൻ ഈ ഹദീസിനെ തെളിവായി അവതരിപ്പിക്കുന്ന സുന്നികൾക്ക്, മുജാഹിദുകൾ പണ്ട് മുതലേ കൊടുത്ത് കൊണ്ടിരിക്കുന്ന മറുപടി ഇസ്‌ലാഹിൽ ആവർത്തിച്ചതാണ്. ഉദാഹരണമായി, മടവൂർ വിഭാഗം മുജാഹിദുകളുടെ വാരികയായ ശബാബിലെ ചോദ്യോത്തര പക്തിയായ 'മുസ്‌ലിമിൽ', ഇതേ ചോദ്യത്തിനു 2004 ൽ കൊടുത്ത മറുപടിയിൽ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി എഴുതുന്നു.

''അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവു നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല. പക്ഷെ, ഒറ്റപ്പെട്ട ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള സഹായാഭ്യർത്ഥന ഇസ്‌ലാമിലെ ഒരു അംഗീകൃത സമ്പ്രദായമാണെന്ന് പറയാവുന്നതല്ല''.

ശബാബിലെ ചോദ്യോത്തര പക്തി ക്രോഡീകരിച്ച് കൊണ്ട് 2005 മേയിൽ മടവൂർ വിഭാഗത്തിന്റെ യുവത ബുക് ഹൗസ് പുറത്തിറക്കിയ, ''നിത്യ ജീവിതത്തിലെ ഇസ്‌ലാമിക നിയമങ്ങൾ സംശയവും മറുപടിയും'' എന്ന പുസ്തകത്തിന്റെ 36, 37 പേജുകളിൽ ''അല്ലാഹുവിന്റെ അടിമകളെ വിളിച്ച് തേടാമോ'' എന്ന ഈ ചോദ്യം എടുത്ത് കൊടുത്തിട്ടുണ്ട്. ഈ പേജുകളുടെ ഫോട്ടൊ കോപ്പി താഴെ കൊടുക്കുന്നു. ഇതിലെവിടെയും ഇപ്പോൾ സലാം സുല്ലമി ആരോപിക്കുന്നത് പോലെ അല്ലാഹുവിന്റെ അടിമകളേ എന്ന് വിളിച്ചാൽ അത് നിരുപാധികം ശിർക്കാണെന്ന് എഴുതിയിട്ടില്ല. ''ഇങ്ങനെയുള്ള സഹായാഭ്യർത്ഥന ഇസ്‌ലാമിലെ ഒരു അംഗീകൃത സമ്പ്രദായമാണെന്ന് പറയാവുന്നതല്ല'' എന്ന് മാത്രമാണു കാണുന്നത്. (യുവത തന്നെ പുറത്തിറക്കിയ ''പ്രാർത്ഥന തൗഹീദ് ച്യോദ്യങ്ങൾക്ക് മറുപടി'', എന്ന പുസ്തകത്തിലും ഇതേ ചോദ്യോത്തരം (ചോദ്യം.39) എടുത്ത് കൊടുത്തിട്ടുണ്ട് ).

## ശബാബിലെഴുതിയാൽ തൗഹീദും അതേകാര്യം ഇസ്‌ലാഹിലെഴുതിയാൽ ശിർക്കുമാകുമോ ?

സലാം സുല്ലമി, ഔദ്യോഗിക വിഭാഗം മുജാഹിദ് പണ്ഡിതരെ മുശ്‌രിക്കും കാഫിറുമാക്കാൻ വേണ്ടി ദുരുപയോഗം ചെയ്ത ഇസ്‌ലാഹ് മാസികയിലെ ലേഖനം പൂർണ്ണമായും സ്കാൻ ചെയ്ത് തഴെ കൊടുത്തിട്ടുണ്ട്. ശബാബിൽ 2004 ൽ വന്ന ചെറിയമുണ്ടത്തിന്റെ ലേഖനവും, ഇസ്‌ലാഹിൽ 2007 ൽ വന്ന അബ്ദുൽ ജബ്ബാർ മൗലവിയുടെ ലേഖനവും പൂർണ്ണമായും വായിച്ച് നോക്കിയാൽ, താഴെ പറയുന്ന കാര്യങ്ങൾ ആർക്കും ബോധ്യമാകും.

1. ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ'' എന്ന ഹദീസിൽ മരിച്ച് പോയ മഹാത്മാക്കളോട് വിളിച്ച് പ്രാർത്ഥിക്കാൻ തെളിവില്ല എന്നാണു രണ്ട് ലേഖനങ്ങളിലും സ്ഥാപിക്കുന്നത്. മരിച്ച് പോയ മഹാത്മാക്കളുടെ ആത്മാവുകൾ വിജന പ്രദേശത്ത് അലഞ്ഞ് നടക്കുന്നില്ല. 'അടിമകൾ' എന്നതിൽ അവർ ഉൾപ്പെടുന്നുമില്ല. സുന്നി പണ്ഡിതന്റെ വാദം ശബാബിൽ എടുത്തെഴുതിയത് പോലെ ഇസ്‌ലാഹിലും എഴുതിയത് ശിർക്കൻ വാദത്തെ ഖണ്ഡിക്കാൻ വേണ്ടി മാത്രമാണ്.

2. 'അടിമകൾ' എന്നതിൽ മലക്കുകളും ജിന്നുകളും ഉൾപ്പെടും എന്ന് എഴുതിയ മുൻകാല ഹദീസ് പണ്ഡിതന്മാർ ശിർക്ക് പ്രചരിപ്പിച്ചതല്ല. ''അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതിനെ പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല. സൃഷ്ടികൾക്ക് നൽകപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണു പ്രാർത്ഥന''. (ശബാബ്), അഥവാ, ''അഭൗതികമാർഗ്ഗത്തിലുള്ള സഹായ തേട്ടം അതിലില്ല''. (ഇസ്‌ലാഹ്)

3. പ്രാർത്ഥന അല്ലാഹുവോട് മാത്രമേ പാടുള്ളൂ എന്ന ഇസ്‌ലാമിന്റെ അടിസ്ഥാന തത്വത്തിന്നെതിരിൽ, ഹദീസ് പണ്ഡിതരുടെ വിശദീകരണങ്ങളെ അവർ ഉദ്ദേശിക്കാത്ത അർത്ഥം നൽകി തെറ്റായി വ്യാഖ്യാനിക്കരുത്.

4. 2004 ലെ ശബാബിലെഴുതിയ ആശയങ്ങൾ തന്നെയാണു 2007 ലെ ഇസ്‌ലാഹിലും ആവർത്തിച്ചിട്ടുള്ളത്. സലാം സുല്ലമിയുടെ ശൈലിയിൽ പറഞ്ഞാൽ, ശബാബിലെ ലേഖനം കൂടുതൽ അപകടകരമാണു. ഇസ്‌ലാഹിലേത് ഒരു പണ്ഡിതൻ പേരു വെച്ച് എഴുതിയ ലേഖനമാണ്. എന്നാൽ, ശബാബിലേത് ഔദ്യോഗിക അഭിപ്രായമായി വിലയിരുത്തപ്പെടുന്ന ചീഫ് എഡിറ്റർ എഴുതുന്ന ചോദ്യോത്തര പക്തിയിലാണ് വന്നിട്ടുള്ളത്. മാത്രമല്ല ശബാബിലെ ലേഖനം മടവൂർ വിഭാഗം ഇപ്പോഴും പുസ്തക രൂപത്തിലാക്കി വിൽപന നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. യുവത ബുക് ഹൗസ് രണ്ട് പുസ്തകത്തിൽ ഈ ചോദ്യം ഉൾപ്പെടുത്തിയിട്ടുണ്ട്. മനപൂർവ്വം ഇതെല്ലാം മറച്ച് പിടിച്ചുകൊണ്ട്, ഗ്രൂപ്പ് വൈരം നിമിത്തം സുല്ലമി വ്യാജ ആരോപണവുമായി നടക്കുകയാണ്.

തോന്നുകയില്ല. യഥാർഥത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയില്ലെന്നും അസംബന്ധങ്ങളിൽ കണ്ണ് നട്ടാലേ അനുഭൂതി ഉണ്ടാവുകയുള്ളുവെന്നും തോന്നുന്നത് മനോദൗർബല്യമോ മിഥ്യാഭ്രമമോ ആയിരിക്കാനേ സാധ്യതയുള്ളൂ.

## അല്ലാഹുവിന്റെ അടിമകളെവിളിച്ചുതേടാമോ?

*ചോ: വിജനമായ സ്ഥലത്ത് വെച്ച് എന്തെങ്കിലും ആപത്ത് സംഭവിച്ചാൽ 'യാ ഇബാദല്ലാ അഈനൂനി' അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണം എന്നു പറയണം. മഹാനായ പ്രവാചകൻ(സ) പഠിപ്പിച്ച പ്രാർഥനയാണ്. മുഹദ്ദിസുകളായ ആളുകൾ 'യാ ഇബാദല്ലാ' എന്നതിനു മരിച്ചുപോയ സജ്ജനങ്ങളായ, മുഅ്മിനുകളായ ആളുകളുടെ ആത്മാക്കളാണ് റസൂൽ(സ) ഉദ്ദേശിച്ചിട്ടുള്ളത് എന്നു പറഞ്ഞിരിക്കുന്നു. അവർ നിങ്ങളെ സഹായിക്കും. മരുഭൂമിയിൽ ഒക്കെ ആവുമ്പോൾ പിശാചുക്കളുടെ വിഹാരകേന്ദ്രമാണ്. അവരിൽ ജിന്നുകളിൽ പെട്ട നല്ല വിഭാഗം ഉണ്ടാവും അവരെയാണ് വിളിക്കുന്നത്. അവർ സഹായത്തിനെത്തും. ആ നിലക്ക് അല്ലാഹുവിന്റെ അടിമകളെ വിളിച്ചുകൊണ്ട് പ്രാർഥിക്കണമെന്നാണ്-'ജിന്ന് സത്യവും മിഥ്യയും' എന്ന വിഷയത്തെ സംബന്ധിച്ച് ഒരു മുസ്‌ല്യാർ നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗമാണ് മുകളിൽ കൊടുത്തത്. ഈ ഹദീസിനെ സംബന്ധിച്ച് 'മുസ്‌ലിം' എന്തു പറയുന്നു?*

ഉ: വിശുദ്ധഖുർആനിൽ അനേകം ആയത്തുകളിൽ യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയ കാര്യമാണ് അല്ലാഹുവല്ലാത്ത ആരോടും 'ദുആ' (പ്രാർഥന) ചെയ്യാൻ പാടില്ല എന്നത്. ഇതിനെ എതിർക്കാൻ വേണ്ടി ഏതെങ്കിലും ഹദീസോ ഹദീസിന്റെ വ്യാഖ്യാനമോ ചൂണ്ടിക്കാണിക്കുന്നത് അല്ലാഹുവെയും അവന്റെ ഗ്രന്ഥത്തെയും അവഹേളിക്കുന്നതിന് തുല്യമാണ്. അല്ലാഹുവിന്റെ വചനത്തിന് താഴെ മാത്രമേ മറ്റു ഏത് വചനത്തിനും ഒരു സത്യവിശ്വാസി സ്ഥാനം കല്പിക്കാൻ പാടുള്ളൂ.

വിളിക്കുക, സഹായം ചോദിക്കുക, പ്രാർഥിക്കുക- ഇവ തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്. 'യാ ഇബാദ്' (അടിമകളേ) എന്ന വിളി പല ഖുർആൻ വാക്യങ്ങളിലുമുണ്ട്. ഇത് അടിമകളോടുള്ള പ്രാർഥനയാണെന്ന് കാര്യബോധമുള്ള ആരും പറയില്ല. പ്രവാചകന്മാർ പല കാര്യങ്ങളിലും അനുചരന്മാരോട് സഹായസഹകരണങ്ങൾ ചോദിച്ചിട്ടുണ്ട്. അതും പ്രാർഥനയല്ല. സൃഷ്ടികൾക്ക് നല്കപ്പെട്ട കഴിവിന് അതീതമായ കാര്യങ്ങളിൽ സഹായം തേടലാണ് പ്രാർഥന. ഈ പ്രാർഥന അല്ലാഹു അല്ലാത്ത ആരിലേക്കും പ്രവാചകന്മാർ തിരിച്ചുവിട്ടിട്ടില്ല. തിരിച്ചുവിടാൻ നിർദേശിച്ചിട്ടുമില്ല.

ജിന്നുകൾ അല്ലാഹുവിന്റെ അടിമകളാണ്. അവരുടെ അസ്തിത്വ





ത്തെയോ കഴിവുകളെയോ സംബന്ധിച്ച് വിശദവിവരങ്ങൾ ഖുർആനിലോ പ്രാമാണികമായ ഹദീസിലോ ഇല്ല. സുലൈമാൻ നബി(അ) ജിന്നുകളെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നു. അവരോട് പല കാര്യങ്ങളും ആവശ്യപ്പെട്ടിരുന്നു. എന്നാൽ അദ്ദേഹം ജിന്നുകളോട് പ്രാർഥിച്ചുവെന്ന് ഖുർആനിലോ ഹദീസിലോ പറഞ്ഞിട്ടില്ല. അതുപോലെ വിജന പ്രദേശത്ത് ഉണ്ടായേക്കാൻ സാധ്യതയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നല്കപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർഥനയാണെന്ന് പറയാവുന്നതല്ല. പക്ഷേ, ഒറ്റപ്പെട്ട ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയുള്ള സഹായാഭ്യർഥന ഇസ്‌ലാമിലെ ഒരു അംഗീകൃത സമ്പ്രദായമാണെന്ന് പറയാവുന്നതല്ല. നബി(സ)യുടെ കാലത്ത് പതിവായി ദിവ്യസന്ദേശമായി എത്താറുണ്ടായിരുന്ന ജിബ്‌രീൽ എന്ന മലക്കിനോട് സഹായം തേടാൻപോലും നബി(സ) സ്വഹാബികളോട് നിർദേശിച്ചിട്ടില്ല.

മരിച്ചുപോയ സജ്ജനങ്ങളുടെ ആത്മാവുകൾ വിജനപ്രദേശത്ത് അലഞ്ഞു നടക്കുന്നുണ്ടാകുമെന്ന ധാരണ പ്രാമാണികമായ ഹദീസുകളിൽ ആ വിഷയകമായി നല്കപ്പെട്ട വിവരങ്ങൾക്ക് തീർത്തും വിരുദ്ധമത്രെ. പരേതാത്മാക്കളും ജീവിച്ചിരിക്കുന്നവരും തമ്മിൽ പുനരുത്ഥാനത്തിന് മുമ്പ് ഒരിക്കലും ബന്ധപ്പെടാനാകാത്തവിധം അല്ലാഹു 'ബർസഖ്' (മറ അഥവാ തടസ്സം) ഏർപ്പെടുത്തിയിരിക്കുന്നു എന്ന് വിശുദ്ധഖുർആനിൽ (23:100) ഖണ്ഡിതമായി പ്രഖ്യാപിച്ചതിനും വിരുദ്ധമാണ് ഈ മൂഢധാരണ. മുഹമ്മദ് നബി(സ)ക്ക് മാത്രം അല്ലാഹു അനുഭവപ്പെടുത്തിയ ഇസ്‌റാഅ്, മിഅ്റാജ് എന്നീ അസാധാരണ ദൃഷ്ടാന്തങ്ങളെ ഈ ആയത്തിനെ നിഷേധിക്കാൻ വേണ്ടി ഒരു ഒഴികഴിവാക്കുന്നത് ഗുരുതരമായ കുറ്റമാണ്.

മുസ്‌ല്യാർ പരാമർശിച്ച റിപ്പോർട്ടിൽ പ്രാർഥന, മരിച്ചവർ, ആത്മാക്കൾ എന്നീ വാക്കുകളൊന്നും ഇല്ല. ഇല്ലാത്തത് ചമച്ചുണ്ടാക്കാൻ അല്ലാഹുവോ റസൂലോ(സ) ഒരു പണ്ഡിതന്നും അധികാരം നല്കിയിട്ടുമില്ല. മനുഷ്യർ പടച്ചതമ്പുരാനോട് നേരിട്ടു പ്രാർഥിക്കുന്നത് തടയുകയും അല്ലാഹുവല്ലാത്തവർക്ക് പ്രാർഥനയും ആരാധനയും അർപ്പിക്കുന്നതിന് ന്യായീകരണങ്ങൾ ചമയ്ക്കുകയും ചെയ്യുക എന്നതാണ് പിശാചുക്കളുടെ ജോലി. അവർ മരുഭൂമികളിൽ സന്യസിക്കുകയല്ല. നാടുകളിലും നഗരങ്ങളിലുമുള്ള മനുഷ്യരെ പിഴപ്പിക്കുന്നതിൽ നിരന്തരം ഏർപ്പെട്ടുകൊണ്ടിരിക്കുകയാണ്. പിശാചുക്കൾ ജിന്നുകളുടെ കൂട്ടത്തിലും മനുഷ്യരുടെ കൂട്ടത്തിലും ഉണ്ടെന്നുകൂടി വിശുദ്ധഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവല്ലാത്തവരെ ആരാധിക്കണമെന്നോ പ്രാർഥിക്കണമെന്നോ ഉള്ള ആഹ്വാനം കേട്ടാൽ ഉറപ്പിക്കാം അതൊരു പൈശാചിക ശബ്ദമാണെന്ന്. അതാണ് തൗഹീദ് നല്കുന്ന തിരിച്ചറിവ്.






malayalam
title : nithya jeevithathile islamika niyamangal
author : cheriyamundam abdul hameed
publishers: yuvatha book house
p.b no: 524, r.m.road, kozhikode-2.
phone: 2701812, 2700172
first edition: 2005 may
dtp: microprint calicut-2
cover: rafeeq parappanangadi
printed at: RedStar, Clt-32. Ph: 0495-2360950, 51
copyright reserved
price: rs. 230

**ശബാബിൽ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി 2004ൽ എഴുതിയ ചോദ്യോത്തരത്തിന്റെ പൂർണ്ണ രൂപം**
**(മടവൂർ വിഭാഗം ഇപ്പോഴും വിറ്റ് കൊണ്ടിരിക്കുന്ന, 2005 ൽ പുറത്തിറക്കിയ യുവതയുടെ പുസ്തകത്തിൽ നിന്ന്)**

# അമ്പലക്കടവിന്റെ 'അതിഗംഭീര' ചോദ്യങ്ങൾ

പി. അബ്ദുൽ ജബ്ബാർ മൗലവി

അമ്പലക്കടവ് ഫൈസി തന്റെ പുതിയ ഗവേഷണങ്ങളിലൂടെ കണ്ടെത്തിയ വിവരക്കേടുകൾ ചന്ദ്രിക ദിനപത്രത്തിലൂടെയും സത്യധാര മാസികയിലൂടെയും വർഷങ്ങൾക്കുമുമ്പ് പുറത്തുവിട്ടു നോക്കി. പരമമായ അനുഗ്രഹദാതാവ് എന്നു വിശ്വസിച്ചുകൊണ്ട് ഒരു ശക്തിയുടേയോ വ്യക്തിയുടേയോ മുമ്പിൽ അർപ്പിക്കപ്പെടുന്ന വിനയം മാത്രമാണ് പരമമായ വിനയവും ഇബാദത്തും ആവുകയുള്ളൂ എന്ന തന്റെ പുതിയ വാദത്തിലൂടെ അബൂജഹലിനെ വെള്ള പൂശി തൗഹീദുള്ളവനാക്കി മാറ്റി.

മക്കയിലെ ബഹുദൈവ വിശ്വാസികൾപോലും പ്രധാന ദൈവമെന്ന നിലയിൽ അല്ലാഹുവിനെ അംഗീകരിച്ചിരിക്കുന്നു എന്നും സത്യധാരയിൽ എഴുതി.

"അല്ലാഹുവെക്കുറിച്ച് മക്കാ മുശ്‌രിക്കുകൾക്ക് ദൃഢമായ യാതൊരു വിശ്വാസവും ഉണ്ടായിരുന്നില്ല." എന്നും എഴുതി. 29-12-2002 ചന്ദ്രിക നോക്കുക. "ദൃഢമായ എന്നതൊഴിച്ചാൽ തന്റെ വാദം താൻ തന്നെ തകർത്തുകളഞ്ഞിരിക്കുന്നു.

പരമമായ അനുഗ്രഹദാതാവാകുന്നു എന്ന വിശ്വാസത്തിൽ ഒരു വസ്തുവിന് അർപ്പിക്കുന്ന വിനയം മാത്രമാണ് ഇബാദത്താവുക എന്നാണല്ലോ ഫൈസിയുടെ ഭാഷ്യം.

ഇനി ഫൈസിയുടെ ഫലിതം കാണുക.

"പരമമായ അനുഗ്രഹദാതാവ് എന്ന് വിശ്വസിക്കുക. പരമമായ അനുഗ്രഹവും കഴിവും ഉണ്ടെന്ന് കരുതുക എന്നതിന്റെ അർത്ഥം ആരേയും ആശ്രയിക്കാതെ എന്തെങ്കിലും ഒരു അനുഗ്രഹം ചെയ്തു തരാൻ കഴിയുമെന്ന് വിശ്വസിക്കുകയല്ലാതെ മറ്റെന്താണ്?" (ചന്ദ്രിക 30-05-2003)

ഫൈസി തന്നെ പറയുന്നു. "പ്രത്യുത തങ്ങളുടെ ദൈവങ്ങൾ അല്ലാഹുവിന്റെ അടുക്കൽ സ്വാധീനം ചെലുത്തി ചില കാര്യങ്ങൾ നേടിത്തരാൻ കഴിവും ശേഷിയും ഉള്ളവരാണെന്ന് അവർ വിശ്വസിച്ചിരുന്നു". (ചന്ദ്രിക 31-5-2003)

"ആരെയും ആശ്രയിക്കാതെ" എന്നതും "അല്ലാഹുവിന്റെ അടുത്ത് നേടിക്കൊടുക്കുകയും" എന്നതും കൂട്ടി ചേർത്തുകൊണ്ട് താൻ സ്വന്തമായി നിർമ്മിച്ചുണ്ടാക്കിയ വാദത്തെ തന്റെ തൂലികകൊണ്ടു തന്നെ തകർത്തുകളഞ്ഞു.

മുജാഹിദുകൾക്ക് ഉമർ മൗലവി പുതിയ തൗഹീദ് പഠിപ്പിച്ചു എന്ന ഒരു നുണയോടുകൂടിയാണ് സത്യധാരയിൽ ഫൈസി തന്റെ ചോദ്യം ആരംഭിക്കുന്നത്.

മനുഷ്യകഴിവിന്റെ പരിധിക്കുള്ളിലെ കാര്യങ്ങൾ ചെയ്യാൻ അല്ലാഹുവിന്റെ സഹായം ആവശ്യമില്ലെന്ന് ഉമർ മൗലവി പറഞ്ഞതായി ഒരു നുണ മുമ്പും ഫൈസി മർഹൂം ഉമർ മൗലവിയുടെ പേരിൽ ആരോപിച്ചിട്ടുണ്ട്. ഫൈസീ! താങ്കൾ അത് തെളിയിക്കാൻ സാധ്യമല്ല.

അദൃശ്യമായ മാർഗ്ഗത്തിലൂടെ ഉപകാരോപദ്രവം ചെയ്യാൻ അല്ലാഹുവിന് മാത്രമേ കഴിയൂ എന്നാണ് ഉമർ മൗലവി പഠിപ്പിച്ചത് എന്ന് ഫൈസി വാദിക്കുന്നു.

അദൃശ്യം എന്നതുകൊണ്ട് കണ്ണുകൊണ്ട് കാണാൻ കഴിയാത്തത് എന്നല്ല ഉമർ മൗലവി ഉദ്ദേശിച്ചത്. മറിച്ച് അഭൗതികവും കാര്യകാരണ ബന്ധങ്ങൾക്കതീതവും സൃഷ്ടികളുടെ കഴിവിൽ പെടാത്തതുമായ കാര്യങ്ങളെക്കുറിച്ച് പറഞ്ഞതാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. അല്ല എന്ന് ഫൈസിക്ക് വാദമുണ്ടെങ്കിൽ മൗലവിയുടെ ഉദ്ധരണികളിലൂടെ ഫൈസി അത് തെളിയിക്കട്ടെ.

ഫൈസീ! ഹിമാലയം ഒന്നായി ഇളക്കിപ്പറിച്ച് ഒറ്റച്ചിറകിൽ വഹിച്ചുകൊണ്ട് പറന്നുപോയി ധിക്കാരികളുടെ നാട്ടിൽ ചെന്ന് കമിഴ്ത്തിയിടാൻ ജിബ്‌രീൽ (അ) ന് കഴിയുമെന്നും അതു തന്നെ നമ്മുടെ കാഴ്ചയിൽ പെട്ടുകൊള്ളണമെന്നില്ല എന്നിങ്ങനെ ഒരാൾ വിശ്വസിച്ചാലും അതിൽ അഭൗതികമായോ കാര്യകാരണ ബന്ധങ്ങൾക്കപ്പുറമാ



**സലാം സുല്ലമി ശിർക്ക് ആരോപണത്തിന്ന് ദുരുപയോഗിക്കുന്ന ലേഖനത്തിന്റെ പൂർണ്ണ രൂപം (പേജ് 41, 42)**

ഇസ്‌ലാഹ് പത്രാധിപർ ജിന്നിനോട് സഹായം തേടൽ ഹറാമാണെന്ന് വിശദീകരിക്കുന്നു.

മുകളിലെ ലേഖനത്തിലെ ''അഭൗതിക മാർഗ്ഗത്തിലുള്ള സഹായ തേട്ടം അതിലില്ല'' എന്നപരാമർശം ചൂണ്ടിക്കാണിച്ച്, അല്ലാഹുവുവിന്റെ അടിമകളേ എന്ന് വിളിച്ച് സഹായം തേടൽ അനുവദനീയമാണെന്നാണു ഇസ്‌ലാഹ് മാസിക എഴുതുന്നത് എന്ന് സലാം സുല്ലമി അടക്കമുള്ളവർ തെറ്റിദ്ധരിപ്പിക്കുന്നത് ചൂണ്ടിക്കാണിച്ചപ്പോൾ, ഇസ്‌ലാഹ് പത്രാധിപർ തന്നെ അത് വിശദീകരിക്കുന്നത് കാണുക. ''ചോദ്യത്തിന്റെ തുടക്കത്തിൽ ഇസ്‌ലാഹി പ്രസ്ഥാനത്തെക്കുറിച്ച് ചോദ്യകർത്താവ് പറഞ്ഞ പ്രകാരം പ്രാർത്ഥന അല്ലാഹുവോട് മാത്രം എന്ന തത്വമാണ് അന്നും ഇന്നും എന്നും ഇസ്‌ലാഹി പ്രസ്ഥാനം പ്രതിനിധാനം ചെയ്യുന്നത്. അതിൽ യാതൊരു മാറ്റവുമില്ല. എന്നാൽ ചോദ്യകർത്താവ് എടുത്തുദ്ധരിച്ച വാചകങ്ങളിൽ നിന്നും അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കൽ അനുവദനീയമാണെന്ന സങ്കൽപ്പം ലേഖകൻ ഉദ്ധേശിച്ചിട്ടേ ഇല്ല. വിജന പ്രദേശത്തു നിന്ന് തന്റെ ശബ്ദം കേൾക്കുന്നത് ആരാകട്ടെ, അവരെന്നെ സഹായിക്കട്ടെ എന്ന നിലക്ക് അല്ലാഹുവിന്റെ അടിമകളേ എന്നു വിളിച്ചാൽ അതിൽ

അഭൗതികതയോ ശിർക്കോ ഇല്ല എന്ന് മാത്രമേ ലേഖകൻ ഉദ്ദേശിച്ചിട്ടുള്ളൂ. മദ്യപിക്കൽ ശിർക്കാകുയില്ല എന്ന് പറഞ്ഞാൽ മദ്യപിക്കൽ അനുവദനീയമാണെന്ന് ഗവേഷണം നടത്തുന്നത് വിഡ്ഡിത്തമല്ലേ.. നമ്മുടെ ജീവിതത്തിലെ ഒരു സാഹചര്യത്തിലും ജിന്നിനോട് സഹായം തേടാൻ ക്വുർആനിലും ഹദീസിലും തെളിവില്ല. ഇത്തരം ദുഷ്പ്രചരണങ്ങളെ കരുതിയിരിക്കുക'' (ഇസ്ലാഹ് 1998 ജനുവരി,പേജ് 2 )



ണന്നോ വരുന്നില്ല. അതുകൊണ്ടാ വിശ്വാസത്തിൽ ശിർക്കും വരുന്നില്ല. അതേ സമയം തന്റെ മുമ്പിൽ ഈ കാണുന്ന രൂപം ജിബ്‌രീൽ ആണെന്ന് വിശ്വസിക്കുന്ന ഒരാൾ ജിബ്‌രീലേ എന്നെ ഈമാനോടു കൂടി മരിപ്പിക്കണേ എന്ന് തേടിയാൽ അത് ശിർക്കാണ്.

രാത്രിയുടെ ഇരുളിൽ തപ്പിത്തടഞ്ഞ് നീങ്ങുന്ന ഒരാൾ തന്റെ തൊട്ടടുത്ത് നിന്ന് ശബ്ദം കേൾക്കുന്നു. ആളെ കാണുന്നില്ല. തന്റെ മുമ്പിലുള്ള ഈ ശബ്ദത്തിന്റെ ഉടമ ജിന്നായിരിക്കാം എന്ന വിശ്വാസത്തിൽ എന്നെ ഒന്ന് സഹായിക്കാമോ ഒരുവെളിച്ചം തരാമോ എന്നാവിശ്യപെട്ടാൽ അത് അഭൗതികമോ കാര്യകാരണ ബന്ധത്തിന് അപ്പുറമുള്ളതോ അല്ലങ്കിൽ സൃഷ്ടികളുടെ കഴിവിൽ പെടാത്തത് തേടുകയല്ല. ആസഹായർത്ഥന ശിർകുമല്ല.

പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ വഴിയറിയാതെ നടന്നു നീങ്ങുന്ന ഒരാൾ പരിസരത്ത് ആരെയും കാണുന്നില്ല. ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും (മനുഷ്യൻ, മലക്ക്, ജിന്ന്) എന്നെ സഹായിക്കട്ടെ എന്ന് നിനച്ച് പടപ്പുകളേ എന്നെ സഹായിക്കണേ, എന്നിക്കു വഴി കാണിച്ചുതരണേ എന്ന് ഉച്ചത്തിൽ വിളിച്ചുപറയുന്നുവെങ്കിൽ അഭൗതിക മാർഗ്ഗത്തിലുള്ള സഹായ തേട്ടം അതിലില്ല. എട വണ്ണ സുല്ലമിയും ഇക്കാര്യം അംഗീകരിക്കുമെന്നാണ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ നിന്നും മനസ്സിലാകുന്നത്. നല്ലികുത്ത് മുസ്‌ലിയാർക്ക് മറുപടി പറഞ്ഞ് കൊണ്ട് 'തൗഹീദ് ഒരു സമഗ്രവിശകലനം' എന്ന പുസ്തകത്തിൽ സുല്ലമി തന്നെ പറയുന്നത് കാണുക.

"മുസ്‌ലിയാർ എഴുതുന്നു: ഇതുപോലെ ഒരിറ്റ് കുളിർവെള്ളത്തിന് വേണ്ടി ദാഹിച്ച് അവശയായ ഹാജറാബീവി (റ) വിജനമായ സഫാ മർവകളിടയിൽ ഓടിക്കൊണ്ടിരുന്ന അവസരത്തിൽ മഹത്തി ഒരു അശരീരി കേൾക്കുകയും അന്നേരം നിനക്ക് സഹായിക്കാൻ കഴിയുമെങ്കിൽ എന്നെ സഹായിക്കൂ (ബുഖാരി) എന്ന് പറയുകയും ചെയ്തു (തൗ: സമഗ്രപഠനം പേജ് 345) അദൃശ്യമാർഗത്തിലൂടെ സഹായം ചോദിക്കുക എന്നതിന്റെ വിവക്ഷ മുസ്‌ലിയാക്കൻമാർക്ക് മനസ്സിലാക്കാൻ സാധിക്കാത്തത് കൊണ്ടാണ് ബാലിശമായ ഈ വാദം ഉന്നയിച്ചിരിക്കുന്നത് ഹാജറബീവിയുടെ സാന്നിധ്യത്തിൽ ജിബ്‌രീൽ ഹാജറായി ശബ്ദം പുറപ്പെടുവിച്ചപ്പോൾ മലക്കാണെന്ന് വ്യക്തമായ ഹാജറബീവി അദ്ദേഹത്തോട് സഹായം ചോദിച്ചത് അദൃശ്യമാർഗ്ഗത്തിലൂടെയുള്ള സഹായമായി മുസ്‌ലിയാർ കാണുകയാണെങ്കിൽ ഒരു മതിലിനപ്പുറത്ത് നിന്ന് ഒരാൾ സഹായം ചോദിക്കുക, കത്തിലൂടെയോ ഫോണിലൂടെയോ ഒരു വിരിയുടെ പിന്നിൽ നിന്ന് കൊണ്ടോ സഹായം ചോദിക്കുക മുതലായവയും തെളിവായി ഉദ്ധരിക്കാവുന്നതാണ്. പാവം! കഷ്ടം!" (തൗ:ഒ:സ:വി: പേജ് 309).

അബ്ദുസ്സലാം സുല്ലമി കുർആൻ ആയത്തുകൾ വളച്ചൊടിക്കുന്നുവെന്ന് ഇപ്പോൾ നിങ്ങൾ വാദിക്കുന്നു, ഇതുതന്നെയല്ലേ സുന്നികൾ മുമ്പ് പറഞ്ഞത് ഫൈസി ചോദിക്കുന്നു.

ഫൈസീ....താങ്കൾക്ക് തെറ്റി! ഇന്നതെല്ലാം ശിർക്കാകുന്നു എന്ന് പഠിപ്പിക്കുന്ന കുർആൻ ആയത്തുകൾ ദുർവ്യാഖ്യാനം ചെയ്തു കൊണ്ട് അത് ശിർക്കല്ലെന്ന് സുല്ലമി പറഞ്ഞുവെന്ന് ഞങ്ങൾ വാദിച്ചിട്ടില്ല.

ഫൈസീ,സിഹ്റ്‌വഴി പിശാച് ഉപദ്രവിക്കും എന്നത് കൊണ്ടാണ് അത് അഭൗതികമോ സൃഷ്ടികളുടെ കഴിവിന് അപ്പുറമുള്ളതാണെന്നോ ഞങ്ങൾ പറയാത്തതും അതിൽ അത്ഭുതമായി ഒന്നുമില്ലെന്ന് മനസ്സിലാക്കുന്നതും.

ഒരു വസ്തുവിലും ഒരു കഴിവും നൽകപ്പെട്ടിട്ടില്ല,എല്ലാം അപ്പപ്പോൾ കിട്ടികൊണ്ടിരിക്കുന്നതാണ് എന്ന് വാദിക്കുന്ന ഫൈസി തന്നെ "മലക്കുകൾക്കും വിശുദ്ധാത്മാക്കൾക്കും സൃഷ്ടിക്കപ്പെടുമ്പോൾ അല്ലാഹുനൽകിയ പ്രകൃതിയും പ്രത്യേകതകളും നാം അംഗീകരിക്കണം"എന്ന് ഇപ്പോൾ വാദിക്കുന്നതും വൈരുദ്ധ്യമാണ്.

ഫൈസിചോദിക്കുന്നു: മലക്കുകളും ജിന്നുകളും സഹായിക്കുമെങ്കിൽ ഇതിൽനിന്നും വിശുദ്ധാത്മക്കളെ മാത്രം മാറ്റിനിർത്തുന്നതിൽ എന്ത് ന്യായമാണുള്ളത് ?

വിശുദ്ധാത്മാക്കൾ എന്നത് കൊണ്ട് മരണമടഞ്ഞമനുഷ്യരുടെ ആത്മാക്കളെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവർ ഈ ലോകത്ത് മരിക്കാതെ ജീവിച്ചിരിക്കുന്ന മലക്കുകൾ പോലെയോ ജിന്നുകൾ പോലെയോഅല്ല. മരണമടഞ്ഞവർ ഭൗതികലോകവുമായി പിരിഞ്ഞു. ബർസഖിലുള്ളവർ ഭൗതികലോകവുമായി ബന്ധപ്പെടുമെന്നതിന് തെളിവേണം. കഴിഞ്ഞകാലപ്രവാചകൻമാർ ജീവനോടെ നബി(സ) മുന്നിൽ മിഅ്റാജ്‌രാവിൽ ഹാജറായിഎന്നതിലെ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും പരിഗണിച്ചു കൊണ്ട്തന്നെ പറയട്ടെ,അത്ജീവിച്ചിരിക്കുന്ന പ്രവാചകന്റെ മുഅ്ജിസത്തായി അല്ലാഹു അവരെ അവിടെ എത്തിച്ചതാണ് മരണമടഞ്ഞവരുടെ ആത്മാക്കൾക്ക് ഈ ലോകത്ത് നിയന്ത്രണമുണ്ടെന്നതിന് തെളിവില്ല.

APRIL 2007

ഇസ്‌ലാഹ് • ഏപ്രിൽ 07 42

## സലാം സുല്ലമിയുടെ ''ശിർക്കാരോപണ കാമ്പയിൻ''

മുകളിൽ വിശദീകരിച്ച ഇസ്ലാഹ് മാസികയിൽ വന്ന ലേഖനത്തെ വളച്ചൊടിച്ച് കൊണ്ട് സകരിയ്യ സ്വലാഹി ഉൾപ്പെടെയുള്ള മുജാഹിദ് പണ്ഡിതരെ മുശ്രിക്കാക്കുന്ന ലേഖനങ്ങൾ, സലാം സുല്ലമി തുടർച്ചയായി ''നെല്ലും പതിരും'' എന്ന പക്തിയിൽ എഴുതി വരുന്നു. പഴയ ശബാബിന്റെ താളുകൾ മറിച്ച് നോക്കിയാൽ, ഇസ്ലാഹ് 2007 ഏപ്രിൽ, സകരിയ്യ സ്വലാഹി, നവയാഥാസ്ഥികർ, ശിർക്ക്, കുഫ്റ് എന്നിങ്ങനെ ആവർത്തിക്കുന്നത് കാണാം. (ഈ ലേഖനം എഴുതിയത് സകരിയ്യ സ്വലാഹിയല്ല, എന്നാലും സുല്ലമി സകരിയ്യയെയാണു ആക്രമിക്കുന്നത്) ''അല്ലാഹുവിന്റെ അടിമകളേ നിങ്ങൾ എന്നെ സഹായിക്കുവീൻ'' എന്ന 2007 ജൂൺ 1 ലെ ശബാബിൽ, സലാം സുല്ലമി എഴുതിയ ലേഖനത്തിലെ ശിർക്ക് ആരോപണമാണു പേജ് 2ൽ എഴുതിയത്. ഇസ്ലാഹിലെ ഇതേ ഉദ്ദരണി എടുത്തെഴുതിയ ശേഷം, 2007 ജൂലൈ 6 ലെ ശബാബിൽ (പേജ് 11) ''തന്റെ ദാസന് അല്ലാഹു പോരെ'' എന്ന

ലേഖനത്തിൽ സലാം സുല്ലമി എഴുതുന്നത് ''തന്റെ അടുത്തുള്ള മലക്കുകളെയും ജിന്നുകളെയും പിശാചുക്കളെയും വിളിച്ച് ഒരാൾ അവരുടെ കഴിവിൽപെട്ടത് ചോദിച്ചാലും അത് പ്രാർതഥനയും ആരാധനയുമാണ്. ശിർക്കും കുഫ്റുമാണ്'' എന്നാണ്.

ആദർശപരമായി മുജാഹിദുകളുടെ മുമ്പിൽ പിടിച്ച് നിൽക്കാൻ ബുദ്ധിമുട്ടുന്ന പേരോട് സഖാഫിയും കൂട്ടരും, കേരളത്തിൽ വ്യാപകമായി പ്രചരിപ്പിച്ച സലാം സുല്ലമിയുടെ ഒരു വിവാദ പ്രസംഗത്തിന്റെ പ്രസക്ത ഭാഗം ഇങ്ങനെയാണ്. ''മലക്കുകളോടും ജിന്നുകളോടും സഹായം ചോദിക്കാം എന്ന് നിങ്ങൾ ഇസ്‌ലാഹിലെഴുതിയിട്ടില്ലെ?. ബദ്‌രീങ്ങളെ വിളിക്കാൻ പാടില്ല ഇഫ്‌രീത്ത് ജിന്നിനെ വിളിക്കാം എന്നാണോ നിങ്ങൾ പറയുന്നത്. അപ്പോൾ എന്താണു കൂട്ടരെ നിങ്ങളുടെ തൗഹീദ്.'' ജിന്നുകളോട് സഹായം ചോദിക്കാം എന്ന് ശബാബിലും, ഇസ്‌ലാഹിലും എഴുതിയിട്ടില്ല എന്ന് മുകളിൽ നമ്മൾ കണ്ടതാണ്. സുന്നികളുടെ മുമ്പിൽ ആദർശ നേതാവാവാകാനും അവരുടെ കയ്യടി നേടാനും കഴിയുന്നു എന്നതിൽ കവിഞ്ഞ്, സത്യവുമായി സുല്ലമിയുടെ ആരോപണങ്ങൾക്ക് യാതൊരു ബന്ധവുമില്ല.

## ജിന്നുകളെ സഹായികളാക്കിയിട്ടില്ലെന്ന സകരിയ്യ സ്വലാഹിയുടെ വാദം സുല്ലമിയും എഴുതുന്നു

സലാം സുല്ലമി എഴുതിയത് പോലെ, ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ'' എന്ന ഹദീസ് സ്വഹീഹല്ല, തെളിവിന് കൊള്ളുകയില്ല എന്ന അഭിപ്രായം തന്നെയാണു സകരിയ്യ സ്വലാഹിയടക്കമുള്ള പണ്ഡിതർക്കുമുള്ളത്. (സുന്നികളുടെ വാദം എടുത്തെഴുതി മറുപടി പറഞ്ഞ 2004 ലെ ശബാബിലും 2007 ലെ ഇസ്‌ലാഹിലും ഇത് പരാമർശിച്ചിട്ടില്ല എന്ന് മാത്രം).

മാത്രമല്ല, ജിന്നുകളോട് സഹായാഭ്യർതഥന പാടില്ലെന്നതാണ് സകരിയ്യ സ്വലാഹിയുടെ വിശ്വാസമെന്ന് സലാം സുല്ലമി തന്നെ ശബാബിൽ എഴുതുന്നു. ''മനുഷ്യർ പരസ്പരം സഹായാർഥന നടത്തുന്നത് പോലെ, മനുഷ്യർക്ക് സഹായാർഥന നടത്താവുന്ന തരത്തിൽ മലക്കുകളെയോ ജിന്നുകളെയോ മനുഷ്യർക്ക് അല്ലാഹു കീഴ്പ്പെടുത്തി കൊടുത്തിട്ടില്ല....ഇക്കാര്യം സലഫികളായ ഞങ്ങൾ മനസ്സിലാക്കിയത് കൊണ്ടാണ് ജിന്നുകളോടോ മലക്കുകളോടോ സഹായം തേടുന്ന രീതി ഞങ്ങളിൽ കാണാത്തതും. (സകരിയ്യ സ്വലാഹി, ഇസ്‌ലാഹ് മാസിക് 2008 ആഗസ്ത് പേജ് 22)'' ശബാബ് 2008 സപ്തംബർ 5, പേജ് 10. പിന്നെ എന്തിനാണ് സലാം സുല്ലമി അനാവശ്യമായി സകരിയ്യ സ്വലാഹിയെയും കൂട്ടരെയും മുശ്‌രിക്കാക്കാൻ മത്സരിക്കുന്നത്.

## 2009 ഫെബ്രുവരിയിൽ പോലും വ്യാജ ആരോപണം ശബാബ് ആവർത്തിക്കുന്നു

സലാം സുല്ലമിയുടെ ശിർക്കാരോപണ കാമ്പയിനിൽ മടവൂർ വിഭാഗത്തിലെ മറ്റു എഴുത്തുകാരും പണ്ഡിതരും ചിലപ്പോൾ പങ്കെടുക്കാറുണ്ട്. 2008 മാർച്ച് 28 ലെ ശബാബിൽ (പേജ് 12) എം ഐ മുഹമ്മദലി സുല്ലമി എഴുതിയ ''വിഘടിത മുജാഹിദുകളുടെ സലഫി മൻഹജ് ശിർക്കിലേക്കോ.?.'' എന്ന ലേഖനം ഇതിന്ന് ഒരു ഉദാഹരണമാണ്. മടവൂർ വിഭാഗം പ്രവർത്തകർ ആവേശ പൂർവ്വം മറ്റുള്ളവർക്ക് ഫോർവേർഡ് ചെയ്ത ഒരു ലേഖനമായിരുന്നു ഇത്. വിജനപ്രദേശത്ത് വെച്ച് അല്ലാഹുവിന്റെ അടിമകളേ എന്ന് വിളിക്കുന്നതിൽ അഭൗതികത ഇല്ല, അത് ഹറാമാണു എന്ന ഇസ്‌ലാഹ് മാസികയിലെ ഉദ്ദരണി എഴുതിയ ശേഷം അദ്ദേഹം തുടരുന്നു. ''ജിന്നുകളോട് വിജനസ്ഥലത്തു നിന്ന് രക്ഷ തേടൽ ശിർക്കു തന്നെ''..........''വിജനമായ മരുഭൂമിയിൽ വെച്ച് ജിന്നുകളോടും മലക്കുകളോടും സഹായമർഥിക്കൽ ശിർക്കല്ല എന്ന വാദം തൗഹീദിന്റെ കഴുത്തിൽ കത്തി വെക്കുന്നതിന്ന് സമാനമാണ് ''.

2009 ഫെബ്രുവരി 6 ലെ ശബാബിൽ പ്രസിദ്ധീകരിച്ച സി.പി. ഉമർ സുല്ലമിയുമായുള്ള അഭിമുഖത്തിൽ പോലും ഇതേ ആരോപണം ആവർത്തിക്കുന്നത് കാണാം. ''എന്നാൽ ഭിന്നിപ്പുകാർ തൗഹീദിൽ പോലും ആദ്യകാല ഇസ്ലാഹീ പണ്ഡിതന്മാരുടെ നിർവചനത്തിൽ നിന്നും മാറി പുതിയ പാത കണ്ടെത്തിയിരിക്കുകയാണ്. മലക്കുകളോടും ജിന്നുകളോടും സഹായം ചോദിക്കാം എന്ന് വരെ പറയാൻ ഈ സങ്കുചിത കിടമത്സരം അവരെ നിർബന്ധിതരാക്കി''. സി.പി.ഉമർ സുല്ലമിയോട് ബഹുമാനത്തോടെ തന്നെ ചോദിക്കട്ടെ, മലക്കുകളോടും ജിന്നുകളോടും സഹായം ചോദിക്കാം, അത് അനുവദനീയമാണ് എന്ന് ഔദോഗിക വിഭാഗത്തിലെ ഏത് മുജാഹിദ് പണ്ഡിതനാണു എഴുതിയിട്ടുള്ളത്. 'സങ്കുചിത കിടമത്സരവും' താൽക്കാലികമായ അധികാര സ്ഥാനവും താങ്കളെ നുണ പറയാൻ 'നിർബന്ധിതനാക്കിയതല്ല' എന്ന് തെളിയിക്കേണ്ട ബാധ്യത താങ്കൾക്കുണ്ട്.

സുല്ലമിമാരുടെ ആരോപണങ്ങൾ ആത്മാർഥതയോടെയാണെങ്കിൽ, ഇതേ ആശയം ശബാബിലെഴുതിയ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും, അത് പുസ്തക രൂപത്തിലാക്കി ഇപ്പോഴും പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്ന മടവൂർ വിഭാഗം പണ്ഡിതരും യുവത ബുക് ഹൗസും ശിർക്കും കുഫ്റും പ്രചരിപ്പിക്കുന്നവരാണെന്നും അവർ തൗഹീദിന്റെ കഴുത്തിൽ കത്തി വെക്കുന്നവരാണെന്നും കൂടി 2005 ൽ തന്നെ അവർ എഴുതേണ്ടിയിരുന്നു.

## അന്യായമായി കുഫ്റ് ആരോപിച്ച് സ്വയം കാഫിറാകരുത്. നബി (സ) യുടെ മുന്നറിയിപ്പ്

മുജാഹിദ് പണ്ഡിതരിൽ ശിർക്കും കുഫ്റും ആരോപിക്കുന്ന ജനാബ് അബ്ദുസ്സലാം സുല്ലമിയുടെ ലേഖനങ്ങൾ, ഒരു ദീനി പ്രവർത്തനം എന്ന നിലയിൽ മറ്റുള്ളവർക്ക് മെയിലിൽ ഫോർവേർഡ് ചെയ്യുന്നതായി കാണുന്നു. ''ഒരാൾക്ക് നേരെ അന്യായമായി കുഫ്റ് ആരോപിച്ചാൽ, അത് ആരോപകനിൽ തന്നെ വന്ന് ചേരുമെന്ന്'' നബി (സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അത് കൊണ്ട് തന്നെ, ശബാബിൽ വരുന്ന സലാം സുല്ലമിയുടെ വ്യാജ കുഫ്ർ ആരോപണങ്ങളുടെ നിജസ്ഥിതി അന്വേഷിച്ച് പഠിക്കാൻ നിങ്ങൾ തയ്യാറാവുക.

വിജന പ്രദേശത്ത് വെച്ച് അല്ലാഹുന്റെ അടിമകളേ സഹായിക്കണെ എന്ന ഹദീസിനെക്കുറിച്ച്, ''പ്രാർത്ഥനയാണെന്ന് പറയാവുന്നതല്ല'' എന്ന് 2004ൽ ശബാബിലെഴുതിയാൽ അത് തൗഹീദാണ്, എന്നാൽ അഭൗതിക മാർഗത്തിലുള്ള സഹായതേട്ടം അതിലില്ല'' എന്ന് 2007ൽ ഇസ്‌ലാഹിലെഴുതിയാൽ അത് ''നിരുപാധികം പ്രാർത്ഥനയും ശിർക്കും കുഫ്റും'' ആണെന്നാണല്ലൊ സലാം സുല്ലമിയും മടവൂർ വിഭാഗം പണ്ഡിതരും പ്രചരിപ്പിക്കുന്നത്. ഇതിന്റെ മാനദണ്ഡമെന്താണെന്ന് നിങ്ങൾ മടവൂർ വിഭാഗം പണ്ഡിതരോട് ചോദിക്കുക. തൃപ്തികരമായ ഉത്തരം നൽകാൻ അവർക്ക് കഴിയുന്നില്ലെങ്കിൽ, അവരുടെ ശിഷ്യത്വം അവസാനിപ്പിക്കാൻ തയ്യാറാവണം. കാരണം ഇത് നിങ്ങളുടെ ഈമാൻ നഷ്ടപ്പെടുത്തുന്ന കാര്യമാണ്.

ഈമാനുള്ള മുസ്‌ലീങ്ങൾക്കെതിരിൽ കുഫ്റ് ആരോപിച്ചും അത് പ്രചരിപ്പിച്ചും, സ്വന്തം ഈമാൻ നഷ്ടപ്പെടുത്തുന്ന ഹതഭാഗ്യരായ ആളുകളുടെ കൂട്ടത്തിൽ നിന്ന് അല്ലാഹു നമ്മെയെല്ലാവരെയും കാത്ത് രക്ഷിക്കട്ടെ. (ആമീൻ).

**നാസർ പാലക്കാട്** (തുടരും)